"ഭരണഭാഷ - മാതൃഭാഷ"

NO TO DRUGS

നം:-ക്യുഐപി.2/7925/2024/ഡി ജി ഇ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം.
തീയതി : 12-04-2024

## സർക്കുലർ

വിഷയം:- പൊതുവിദ്യാഭ്യാസം, സംസ്ഥാനത്തെ സ്കൂളുകളിൽ മധ്യവേനൽ അവധിക്കാലത്ത് ക്ലാസ്സുകൾ നടത്തുന്നത് - സംബന്ധിച്ച്

സൂചന :- 1. സർക്കാർ പരിപത്രം നമ്പർ.ജി 3/138/2019 തീയതി 29/03/2019

*****

കേരള വിദ്യാഭ്യാസ ചട്ടങ്ങൾ അദ്ധ്യായം VII ,ചട്ടം 1 പ്രകാരം പൊതു വിദ്യാഭ്യാസ ഡയറക്ടർ മറ്റുതരത്തിൽ ഉത്തരവ് പുറപ്പെടുവിക്കാത്ത പക്ഷം സംസ്ഥാനത്തെ സ്കൂളുകൾ മാർച്ച് മാസത്തെ അവസാന പ്രവൃത്തി ദിനത്തിൽ മധ്യവേനൽ അവധിക്ക് അടയ്ക്കേണ്ടതും ജൂൺ മാസത്തെ ആദ്യ പ്രവൃത്തി ദിവസത്തിൽ തുറന്നു പ്രവർത്തിക്കേണ്ടതുമാണ് എന്ന് നിഷ്കർഷിക്കുന്നു

സംസ്ഥാനത്ത് മധ്യവേനൽ അവധിക്കാലമായ ഏപ്രിൽ മെയ് മാസങ്ങളിൽ സ്കൂളുകളിൽ ക്ലാസുകൾ നടത്തുന്നതായി ബന്ധപ്പെട്ട നിരവധി പരാതികൾ ഈ കാര്യാലയത്തിൽ ലഭിച്ചു വരുന്നു. സംസ്ഥാനത്ത് നിലവിലുള്ള അത്യുഷ്ണവും വരൾച്ചയും ജലക്ഷാമവും കണക്കിലെടുക്കുമ്പോൾ സ്കൂളുകളുടെ അവധിക്കാല പ്രവർത്തനം വിദ്യാർഥികളുടെ ആരോഗ്യത്തെ പ്രതികൂലമായി ബാധിക്കുന്ന ഒന്നാണ്.

മേൽപ്പറഞ്ഞ സാഹചര്യത്തിൽ സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ്/ സംസ്ഥാന സിലബസ്സിലുള്ള അൺ എയ്ഡഡ് പ്രൈമറി/ഹൈസ്കൂൾ,ഹയർസെക്കൻഡറി, വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂളുകളിൽ മധ്യവേനൽ അവധിക്കാലത്ത് ക്ലാസുകൾ നടത്തരുതെന്ന് ബന്ധപ്പെട്ട സ്ഥാപന മേധാവികൾക്ക് കർശന നിർദേശം നൽകുന്നു.

എന്നാൽ മധ്യവേനൽ അവധിക്കാലത്ത് സ്കൂളുകളിൽ കുട്ടികൾക്ക് വേണ്ടിയുള്ള ക്യാമ്പുകൾ/ശില്പശാലകൾ തുടങ്ങിയവ സംഘടിപ്പിക്കുന്നതിന് അനുവാദം നൽകണമെന്ന് ആവശ്യപ്പെട്ട് അപേക്ഷകൾ ലഭിക്കുന്നുണ്ട്.ഒരു മധ്യവേനൽ അവധിക്കാലത്ത് പരമാവധി 10 ദിവസം എന്ന് നിജപ്പെടുത്തി ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസറിൽ നിന്ന് മുൻകൂർ അനുമതി വാങ്ങിയതിനു ശേഷം വെക്കേഷൻ ക്യാമ്പുകൾ നടത്താവുന്നതാണ്. അനുമതി നൽകുന്ന ഓഫീസർ ക്യാമ്പ് നടക്കുന്ന സ്കൂൾ നേരിട്ട് സന്ദർശിച്ച് ക്യാമ്പുകളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് ആവശ്യമായ ശുദ്ധജലം, ഭക്ഷണം, ഫാൻ, ടോയിലറ്റ്,പ്രഥമ ശുശ്രൂഷ സൗകര്യം ഉൾപ്പെടെയുള്ള ആവശ്യമായ എല്ലാ ഭൗതിക സാഹചര്യങ്ങളും ഒരുക്കിയിട്ടുണ്ടെന്ന് പ്രത്യേകം ഉറപ്പുവരുത്തേണ്ടതാണ് ഇത്തരം ക്യാമ്പുകൾ സംഘടിപ്പിക്കുമ്പോൾ കുട്ടികൾക്ക് വേനൽ ചൂടിന്റെ ആഘാതം ഉണ്ടാകാതെ

I/717345/2024

സൂക്ഷിക്കാൻ സ്കൂൾ അധികൃതരും ക്യാമ്പ് സംഘാടകരും സവിശേഷ ശ്രദ്ധ പുലർത്തേണ്ടതാണ്

ഈ സർക്കുലറിലെ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കപ്പെടുന്നുണ്ടെന്ന് ബന്ധപ്പെട്ട വിദ്യാഭ്യാസ ഓഫീസർമാർ ഉറപ്പുവരുത്തേണ്ടതാണ്. ലംഘനം എന്തെങ്കിലും ശ്രദ്ധയിൽപ്പെട്ടാൽ ഉത്തരവാദികളായവർക്കെതിരെ കർശന അച്ചടക്ക നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

Signed by
Shanavas S
Date: 12-04-2024 15:50:30

പൊതുവിദ്യാഭ്യാസ ഡയറക്ടർ

സ്വീകർത്താവ്:

1. എല്ലാ സ്കൂൾ പ്രഥമ അധ്യാപകർക്കും/പ്രിൻസിപ്പൽമാർക്കും( DDE/RDD/AD മുഖാന്തിരം)
2. എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്കും
3. എല്ലാ ഹയർസെക്കൻഡറി റീജിയണൽ ഡയറക്ടർമാർക്കും
4. എല്ലാ വോക്കേഷണൽഹയർസെക്കൻഡറി അസിസ്റ്റന്റ് ഡയറക്ടർമാർക്കും
5. കരുതൽ ഫയൽ

പകർപ്പ്:

1. കൈറ്റ് തിരുവനന്തപുരം (വിദ്യാഭ്യാസ വകുപ്പിന്റെ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)